# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലംകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.5/3009/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലംകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/3009/22 തീയ്യതി: 03/02/2023

## മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2022 മുതൽ 11-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 20-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 20-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ റഷീദ്. എം.പി., ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് ഫാറൂഖ്. കെ. പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ്. പി. വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുജിത. പി. കെ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ.പി പുരുഷോത്തമൻ | പ്രസിഡന്റ് | 01-04-2021 | 04-05-2021 |
| ശ്രീമതി പ്രബിത കെ കെ | പ്രസിഡന്റ് | 05-05-2021 | 15-08-2021 |
| ശ്രീ. ഷെഹീർ കെ വി | പ്രസിഡന്റ് | 16-08-2021 | 31-03-2022 |
| ശ്രീ. സുരേഷ് കുമാർ വി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 03-04-2021 |
| ശ്രീ. സുരേഷ് കുമാർ സി പി | സെക്രട്ടറി | 04-04-2021 | 28-06-2021 |
| ശ്രീ. അനൂപ് സി എൻ | സെക്രട്ടറി | 29-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് കുമാർ വി വി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സുരേഷ് ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അനിത പ്രസാദ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ജുൽന കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ലീന വി.കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.ജയ പി.വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. സജി കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. കൃഷ്ണജ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 14-11-2021 |
| ശ്രീമതി. സുലൈഖാ ബാനു എൻ കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 15-11-2021 | 31-03-2022 |
| ശ്രീ. സുരേഷ് കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. അജീഷ് നാരായണൻ | അസി.എഞ്ചിനീയർ | 01-04-2021 | 27-07-2021 |

| | | | |
|---|---|---|---|
| ശ്രീമതി.സൂസൻ എബ്രഹാം | അസി.എഞ്ചിനീയർ | 28-07-2021 | 31-03-2022 |
| ശ്രീ. അംജദ് ഇബ്രാഹിം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ - വാടക പിരിവിലെ അപാകത | 1-12 |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 1-13 |
| 14 | കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. | 1-14 |
| 15 | തൊഴിൽ നികുതി -അപാകതകൾ | 1-15 |
| 16 | സാക്ഷരതാ പ്രേരകിന് ഹോണറേറിയം-റീഇമ്പേഴ്സ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-17 |
| 18 | പൊതു ടാപ്പ് വെള്ളക്കരം -സംയുക്ത പരിശോധനാവിവരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 19 | രജിസ്റ്റർ ചെയ്ത യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് -അപാകതകൾ | 1-19 |
| 20 | തുടർ സാക്ഷരതാ പരിപാടി- കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല | 1-20 |
| 21 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-21 |
| 22 | ന്യൂട്രിമിക്സ് വാങ്ങൽ - അപാകതകൾ | 1-22 |
| 23 | പോർട്ടബിൾ ബയോബിൻ യൂനിറ്റ്-സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-23 |
| 24 | പരപ്പിൽ താഴം തോടിന് സൈഡ് കെട്ടൽ -അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകിയ തുക നിരാകരിക്കുന്നു. | 1- 24 |
| 25 | പന്താവൂർ- വയറേപ്പാടം റോഡ് അഭിവൃദ്ധിപ്പെടുത്തൽ- പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല | 1-25 |

| | | |
|---|---|---|
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- രേഖകൾ ഹാജരാക്കിയില്ല- 50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | പൊതുമരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-27 |
| 28 | ഇ-ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല | 1-28 |
| 29 | ആശ്രയ പദ്ധതി - പിൻ വലിച്ച തുക ചെലവഴിച്ചിട്ടില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പരപ്പിൽ താഴെ തോട് സംരക്ഷണം - ഓവർഹെഡ് ചാർജിനത്തിൽ അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/1 ,18.02.2021 | 1/1 ,21.03.2022 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31.07.2022 | 11.11.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47316725 |
| വരവ് | 115279351 |
| ആകെ | 162596076 |
| ചെലവ് | 101774267 |
| നീക്കിയിരിപ്പ് | 60821809 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19330128 | 19330128 | 19268814 | 61314 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9949333 | 9949333 | 9751705 | 197628 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14683000 | 14683000 | 12911591 | 1771409 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5625237 | 5625237 | 3328823 | 2296414 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 9227336 | 9227336 | 1618952 | 7608384 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 4584617 | 4584617 | 2435557 | 2149060 |
| ബി ഫണ്ട് | 0 | 79305533 | 79305533 | 79305533 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 118954984 | 169 | 73982937 | - | 46 | 78.60 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9760 | 948408 | 958168 | 812718 | 145450 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16002335 | 16002335 | 16002335 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3150900 | 211 |
| വിധവാപെൻഷൻ | 22710500 | 1657 |
| വാർദ്ധക്യകാലപെൻഷൻ | 46205700 | 3636 |
| വികലാംഗപെൻഷൻ | 6495900 | 450 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 697600 | 51 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2022 ന് 4.00 PMന് മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37114 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്ററിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3.വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതി, വാടക എന്നിവയിൽ കുടിശ്ശികയുള്ളത് പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2021 | ഒക്ടോബർ 2021 | 22.12.2021 |
| എ.ജി ഓഡിറ്റ് | 24.08.2004 | 1997-98 മുതൽ 2003-04 വരെ | 13.09.2004 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല. (വിവിധ അക്കൌണ്ടുകളുടെ ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.)

3. താഴെപ്പറയുന്ന അക്കൗണ്ടിന്റെ ബാങ്ക്/'ട്രഷറി സ്റ്റേറ്റ്മെന്റ് ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | അക്കൗണ്ട് | RP 40(b) പ്രകാരം നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|
| 1 | കോപ്പറേറ്റീവ് ബാങ്ക്- EMS | 44837 | ബാങ്ക് സ്റ്റേറ്റ്മെന്റ്/ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല. |

4.Treasury Joint Venture A/C No. 799011400002970 - Reconciliation Statement -ൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 423461/- എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2022 ലെ Closing Balance-1000000/-

5. വികസന ഫണ്ട് (എസ്.സി.പി)- യുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് വാർഷിക കണക്കിലെ (RP-7) വിവരങ്ങൾ എ.സി.ആർ ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | AFS(RP-7) | ACR | Grant Statement |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 9726705 | 9751705 | 9961372 |

6. വാർഷിക കണക്ക് (B-5) പ്രകാരം ലോണിനത്തിൽ 8020195/- രൂപ അടവാക്കാൻ ബാക്കിയുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ MGNREGAഇനത്തിൽ 141450/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ B-17 ഷെഡ്യൂളിലെ അക്കൗണ്ട് പ്രകാരം 145450/- രൂപയാണ് ബാലൻസ്.

9. വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് (B-7)പ്രകാരം Road Cutting Deposit, Other Deposits -Revenue എന്നീ ഇനങ്ങളിലായി 2000, 38115 രൂപ ബാലൻസുണ്ട്. എന്നാൽ രജിസ്റ്ററിൽ ഇവ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല.

10.വിവാഹ ധനസഹായമിനത്തിൽ 210000/- രൂപയുടെ ചെലവുണ്ടെങ്കിലും ആയത് Income & Exp. Schedule I-14(d) യിൽ ഉൾപ്പെട്ടിട്ടില്ല.

11.വസ്തു നികുതി സഞ്ചയപ്രകാരമുള്ള DCBകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
Residential

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 2138571 | 1710505 | 436063 |
| AFS | 2138571 | 1702508 | 4357194 |

Non Residential

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 4407037 | 3787202 | 623533 |
| AFS | 4407037 | 3787504 | 622230 |

12. വാർഷിക കണക്കിൽ ലൈബ്രറി സെസ് കുടിശ്ശിക (470292) മൈനസ് ഫിഗറായിട്ടല്ല നൽകിയിട്ടുള്ളത്.

(അപാകതകൾ പരാമർശിച്ച നൽകിയ 4/14.12.2022 നം. ഓഡിറ്റ് എൻക്വയറിക്ക് - മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ - വാടക പിരിവിലെ അപാകത

ഷോപ്പിംഗ് കോംപ്ലക്സ് റൂമുകളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) വാടക അടവാക്കിയിട്ടില്ല.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷം മുതലുള്ള വാടക ഈടാക്കാൻ അവശേഷിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| കെട്ടിട നം | പേര്, വിലാസം | 2020-21 ലെ മാസ വാടക | കുടിശ്ശികയുള്ള വാടക | | | ആകെ |
|---|---|---|---|---|---|---|
| | | | 2019-20 | 2020-21 | 2021-22 | |
| IV/172G | മൻസൂർഖാൻ, വീരാളിപ്പുറത്ത് | 3449 | 37548 | 32850 | 20694 | 91092 |
| IV/172H | നൗഫൽ കോട്ടപ്പുറത്ത് വളപ്പിൽ | 10473 | - | - | 20946 | 20946 |
| XVI/547 F | സെറീന വെള്ളത്തേടത്ത് പറമ്പിൽ | 7409 | - | 70560 | 44454 | 115014 |
| XVI/547 G | സെറീന വെള്ളത്തേടത്ത് പറമ്പിൽ | 6671 | - | 63530 | 40026 | 103556 |
| XVI/547 H | ആസിയ വലിയകത്ത് | 6671 | - | 63530 | 40026 | 103556 |
| XVI/547 I | അനീഷ് പൂവ്വത്ത്പറമ്പിൽ | 9359 | 76401 | 89130 | 56154 | 221685 |
| XVI/547 J | മജീദ് കോളാടിക്കൽ | 18354 | 199776 | 174800 | 110124 | 484700 |

| | | | | | | |
|---|---|---|---|---|---|---|
| XVI/547 Z3 | ജയപ്രകാശ് നടുവിലവളപ്പിൽ | 5976 | 54200 | 56910 | 35856 | 146966 |
| XVI/547 Z4 | ജയപ്രകാശ് നടുവിലവളപ്പിൽ | 4488 | 40700 | 42740 | 26928 | 110368 |
| XVI/547 Z8 | സുരേന്ദ്രൻ, തെക്കത്ത് വളപ്പിൽ | 8739 | - | - | 34956 | 34956 |
| XVI/547 Z8 | ജയപ്രകാശ് കോട്ടയിൽ | 7718 | - | - | 38590 | 38590 |
| XVI/547 Z14 | ശിവകുമാർ,വെമ്പള്ളി | 20027 | - | 38146 | 120162 | 158308 |
| ആകെ | | | | | | 1629737 |

കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വാടകക്ക് നൽകിയിട്ടുള്ളതുമായ കടമുറികളുടെ വാടക ഒഴിവാക്കി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന 06.11.2021 ലെ തദ്ദേശ സ്വയം ഭരണ(ആർ സി)സ.ഉ(കൈ) നം.2612/2021 ത.സ്വ.ഭ.വ പ്രകാരം ഭരണ സമിതിയുടെ 26.11.2022 ലെ മീറ്റിംഗിൽ (തീരുമാനം നമ്പർ 10(2)) 2021 ജൂലായ് മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ വാടക ഒഴിവാക്കി നൽകാൻ തീരുമാനിച്ചിരുന്നു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടകയിൽ ഇളവ് നൽകിയിരുന്നു. വാടക സംബന്ധിച്ച ബൈലോയിലെ 22ാം മത് വ്യവസ്ഥ പ്രകാരം മുറിയുടെ വാടക അതാത് മാസം 5ാം തിയ്യതിക്ക് മുമ്പായി അടവാക്കേണ്ടതാണ്. എന്നാൽ നാളിതു വരേയും അടവാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/15.12.2022) കുടിശ്ശികക്കാർക്ക് വാടക അടവാക്കേണ്ടതാണ് എന്ന് കാണിച്ച് 30.06.2021,23.03.2022 എന്നീ തീയതികളിൽ കത്തുകളയിച്ചിട്ടുണ്ടെന്നും 10.08.2022 തീയതിയിൽ ജപ്തിക്കും പ്രോസിക്യൂഷൻ നടപടിക്ക് മുൻപുള്ള മുന്നറിയിപ്പ് കത്ത് അയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(2) മുഴുവൻ വാടകക്കാരും ഫാക്ടറി വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 69 റൂമുകളിൽ 56 എണ്ണം കച്ചവടത്തിനായി മുൻ വർഷങ്ങളിൽ ലേലത്തിൽ പോയിട്ടുണ്ട്. കച്ചവടത്തിനായി ലേലത്തിലെടുത്തതിനാൽ ലേലം കൊണ്ടവരെല്ലാം തന്നെ 1994 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് എടുക്കേണ്ടതുണ്ട്. എന്നാൽ 2021-22 വർഷങ്ങളിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 56 റൂമുകളിൽ 5 എണ്ണത്തിനു (16/547B,16/547D,16/547E,16/547H,16/547N) മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതായി കാണാൻ കഴിഞ്ഞത്. അവശേഷിക്കുന്ന റൂമുകൾ ലേലത്തിലെടുത്തവരുടെ ലൈസൻസ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/16.12.2022) 20 കടമുറികൾ (4/183A,B,L,C,E,F,G,J 4/125 A,C, 4/172 B,C,D,E,F, 16/547 B,D,E,H,N) ലൈസൻസ് എടുത്തിട്ടുണ്ടെന്നും 17 കടമുറികൾക്ക് ലൈസൻസ് പുതുക്കാത്തതിനാൽ പുതുക്കുവാനായിട്ട് കത്ത് നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ളവരോട് ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടികൾ നിയമപ്രകാരം സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 4,5 ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച താഴെ പറയുന്ന കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്.

| പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($M^2$) | നിർണ്ണയിച്ച നികുതി | നിർണ്ണയി ക്കേണ്ടത് | വ്യത്യാസം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ശ്രീ മൊയ്തീൻകുട്ടി,എടയത്ത് വളപ്പിൽ | XV/277A | 61.114 | അടിസ്ഥാന വസ്തു നികുതി =61.114*30 =1833.42<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ് =366.684<br>ലൈബ്രറി സെസ് =111<br>2201+111 | അടിസ്ഥാന വസ്തു നികുതി=61.114*50 =3055.7<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=611.14<br>ലൈബ്രറി സെസ്=184<br>3667+184 | 1466+73 | വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്-20% |
| | XV/277B | 47.774 | അടിസ്ഥാന വസ്തു നികുതി =47.774*30 =1433.22<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=286.644<br>ലൈബ്രറി സെസ്=86<br>1720+86 | അടിസ്ഥാന വസ്തു നികുതി =47.774*50 =2388.7<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=477.74<br>ലൈബ്രറി സെസ്=144<br>2867+144 | 1147+58 | |
| | XV/277C | 47.774 | അടിസ്ഥാന വസ്തു നികുതി =47.774*30 =1433.22<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ് =286.644<br>ലൈബ്രറി സെസ്=86 | അടിസ്ഥാന വസ്തു നികുതി =47.774*50 =2388.7<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=477.74<br>ലൈബ്രറി സെസ്=144<br>2867+144 | 1147+58 | |

| | | | | | | |
|---|---|---|---|---|---|---|
| | | | 1720+86 | | | |
| | XV/277D | 47.774 | അടിസ്ഥാന വസ്തു നികുതി =47.774*30=1433.22<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=286.644<br>ലൈബ്രറി സെസ്=86<br>1720+86 | അടിസ്ഥാന വസ്തു നികുതി =47.774*50 =2388.7<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=477.74<br>ലൈബ്രറി സെസ്=144<br>2867+144 | 1147+58 | |
| | XV/277E | 47.774 | അടിസ്ഥാന വസ്തു നികുതി =47.774*30=1433.22<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ് =286.644<br>ലൈബ്രറി സെസ്=86<br>1720+86 | അടിസ്ഥാന വസ്തു നികുതി= 47.774*50 =2388.7<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ് =477.74<br>ലൈബ്രറി സെസ്=144<br>2867+144 | 1147+58 | |
| ശ്രീ അജിത്ത് , അയിക്കരവളപ്പിൽ | XVII/981a | 70.38 | അടിസ്ഥാന വസ്തു നികുതി =70.38*30<br>=2111.4<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=422.28<br>ലൈബ്രറി സെസ്=127<br>2534+127 | അടിസ്ഥാന വസ്തു നികുതി =70.38*50<br>=3519<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്=703.8<br>ലൈബ്രറി സെസ്=254<br>4223+212 | 1689+85 | വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്-20% |
| | XVII/981b | 70.38 | അടിസ്ഥാന വസ്തു നികുതി =70.38*30<br>=2111.4<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്=422.28 | അടിസ്ഥാന വസ്തു നികുതി =70.38*50<br>=3519<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള | 1689+85 | |

| | | | | | | |
|---|---|---|---|---|---|---|
| | | | ലൈബ്രറി<br>സെസ്=127<br>2534+127 | വർദ്ധനവ്=703.8<br>ലൈബ്രറി<br>സെസ്=254<br>4223+212 | | |
| | XVII/981c | 70.38 | അടിസ്ഥാന<br>വസ്തു നികുതി<br>=70.38*30<br>=2111.4<br>വഴി സൗകര്യ<br>ത്തിന്റെ<br>അടിസ്ഥാനത്തിലുള്ള<br>വർദ്ധനവ്=422.28<br>ലൈബ്രറി<br>സെസ്=127<br>2534+127 | അടിസ്ഥാന<br>വസ്തു നികുതി<br>=70.38*50<br>=3519<br>വഴി സൗകര്യ<br>ത്തിന്റെ<br>അടിസ്ഥാന<br>ത്തിലുള്ള<br>വർദ്ധനവ്=703.8<br>ലൈബ്രറി<br>സെസ്=254<br>4223+212 | 1689+85 | |
| | XVII/981d | 91.58 | അടിസ്ഥാന<br>വസ്തു നികുതി<br>=91.58*30<br>=2747.4<br>വഴി സൗകര്യ<br>ത്തിന്റെ<br>അടിസ്ഥാനത്തി<br>ലുള്ളവർദ്ധനവ്<br>=549.48<br>ലൈബ്രറി<br>സെസ്=165<br>3297+165 | അടിസ്ഥാന<br>വസ്തു നികുതി<br>=91.58*50<br>=4579<br>വഴി സൗകര്യ<br>ത്തിന്റെ<br>അടിസ്ഥാന<br>ത്തിലുള്ള<br>വർദ്ധനവ്<br>=915.8<br>ലൈബ്രറി<br>സെസ്=275<br>5495+275 | 2198+110 | |
| | ആകെ | 554.93 | 19980+1001 | 33299+1671 | 13319+670 | |

തൻവർഷം തന്നെ 100 M2 മുകളിലുള്ളതും വിവിധ നമ്പറുകൾ അനുവദിച്ച മറ്റു കെട്ടിടങ്ങൾക്ക് 50/m2 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഉദാ: ശ്രീ.അബ്ദുൾഖാദർ എന്നയാളുടെ XVI/666 A,B, C, D,E, F എന്നീ റൂമുകളടങ്ങിയ ആകെ 315.978 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 50/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. ചില കെട്ടിടങ്ങൾക്ക് 30 രൂപയിലും മറ്റു ചില കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിലും ഒരേ ഉപയോഗതരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വിവേചനപരവും 203(3) വകുപ്പിന്റെ ലംഘനവുമാണ്. ആയതിനാൽ തെറ്റായ നിരക്കിൽ നിർണ്ണയിച്ച നികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്. മേൽ അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി(എൻക്വയറി നം.7/14.12.2022) നൽകിയിരുന്നതിന് നികുതി പുനർ നിർണ്ണയിച്ച് അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തെറ്റായ നിരക്കിൽ നിർണ്ണയിച്ച നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് Article 56 (B) പ്രകാരം മൂന്ന് വർഷം കഴിഞ്ഞതും ഫേം പിരീഡ് കഴിഞ്ഞതുമായ

ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ താഴെ കാണിച്ചിട്ടുള്ള കാലഹരണപ്പെട്ട നിക്ഷേപ തുകകൾ നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

| ഡെപ്പോസിറ്റ് | വർഷം | ആകെ തുക |
|---|---|---|
| Contractors EMD | 2012- 14000 | 72950 |
| | 2013- 16250 | |
| | 2014- 33950 | |
| | 2015- 8750 | |
| Suppliers EMD | 2013- 2000 | 6900 |
| | 2014- 2500 | |
| | 2018- 2400 | |
| Contractors Security Deposit | 2011- 18000 | 67400 |
| | 2012- 49400 | |
| Suppliers Security Deposit | 2014- 2500 | 2500 |
| ആകെ | | 149750 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ.5/14.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃത നടപടികൾ സ്വീകരിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-15 തൊഴിൽ നികുതി -അപാകതകൾ

1. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2021-22 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി | I&II |
| 2 | സി കെ എം മദർ & ചൈൽഡ് ഹോസ്പിറ്റൽ | I&II |
| 3 | അസബാഹ് ആർട്സ് & സയൻസ് കോളേജ് | I&II |
| 4 | ഏറം മോട്ടോഴ്സ് | I&II |
| 5 | സംസ്കൃതി സ്കൂൾ | I&II |
| 6 | ആമറോൺ- എവർഗ്രീൻ ഹോം അപ്ലയൻസ് | I&II |
| 7 | എ എം മോട്ടോഴ്സ് | I&II |
| 8 | MVM HSS ,വളയംകുളം | I&II |
| 9 | അൽ ഫലാഹ് എ എം എം ഇംഗ്ലീഷ് സ്കൂൾ | I&II |
| 10 | ദാറുസലാം ഇംഗ്ലീഷ് മീഡിയം സ്കൂൾ | I&II |

2. തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2021-22 സാമ്പത്തികവർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | MVM HSS ,വളയംകുളം | I&II |

| | | |
|---|---|---|
| 2 | അൽ ഫലാഹ് എ എം എം ഇംഗ്ലീഷ് സ്കൂൾ | I&II |
| 3 | ദാറുസലാം ഇംഗ്ലീഷ് മീഡിയം സ്കൂൾ | I&II |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(എൻക്വയറി നം.22/19.12.2022-മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 സാക്ഷരതാ പ്രേരകിന് ഹോണറേറിയം-റീഇമ്പേഴ്സ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ജി.ഒ (സാധാ) 626/21 എൽ എസ് ജി ഡി തി. 26.2.2021 ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് 2020 ഡിസംബർ മുതലുള്ള ഹോണറേറിയം ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽനിന്നും നൽകാനും തുക പിന്നീട് റീ ഇമ്പേഴ്സ് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സാക്ഷരതാ പ്രേരകിന്റെ ഹോണറേറിയം താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു.

| സാക്ഷരതാ പ്രേരകിന്റെ പേര് | വൗച്ചർ നമ്പർ/തിയതി | തുക |
|---|---|---|
| സീനത്ത് | 2210272/12.7.2021 | 37,200 |

മേൽ തുക റീഇമ്പേഴ്സ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 19/17.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 1-17 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിലെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ /പേര്/ഫണ്ട് | ചെലവ് തുക | ബിൽ നമ്പർ/ തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 1/21-22<br>ഐകെഎം ന് വിഹിതം നൽകൽ<br>വികസന ഫണ്ട് | 1,03,980 | 119/25.10.21 | ഐകെഎം എക്സികൃൂട്ടിവ് ഡയറക്ടർക്ക് അടവാക്കിയത്. |
| 2 | 251/21-22<br>ഡയാലിസിസിന് വിധേയമാകുന്ന കിഡ്നി രോഗികൾക്ക് ധനസഹായം | 1.28,000 | 365/5.3.22 | മലപ്പുറം ജില്ലാ പഞ്ചായത്തിൽ അടവാക്കിയത്. |
| 3 | 257/21-22<br>2നമ്പർ അംഗനവാടി നിർമ്മാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്യുന്നത്. | 4,00,000 | 353/3.3.22 | എംജിഎൻആർഇജിഎസ് സ്റ്റേറ്റ് മിഷനിൽ അടവാക്കിയത്. |
| | ആകെ | 6,31,980 | | |

ഇതു സംബന്ധിച്ച് നമ്പർ 17/17.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ക്രമനമ്പർ 1, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ കെ എം ന് കത്ത് നൽകിയിട്ടുണ്ടെന്നും ക്രമനമ്പർ 2 തുക തിരികെ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും , ക്രമനമ്പർ 3 പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 6,31,980 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 പൊതു ടാപ്പ് വെള്ളക്കരം -സംയുക്ത പരിശോധനാവിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജെക്റ്റ് നമ്പർ 169/21-22 പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 44,02,85 രൂപ ചെലവഴിച്ചിട്ടുണ്ട്. 281 ടാപ്പുകൾക്ക് പ്രതിവർഷം 5512.5 രൂപ നിരക്കിലാണ് ചാർജ് അടവാക്കി വരുന്നത്. നിലവിൽ ഉപയോഗത്തിലുള്ള വാട്ടർടാപ്പുകളുടെ എണ്ണം കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വാട്ടർ ടാപ്പുകളുടെ എണ്ണം കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന വാട്ടർ ടാപ്പുകൾക്ക് മാത്രം ചാർജ് അടവാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നമ്പർ 18/17.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല.

## 1-19 രജിസ്റ്റർ ചെയ്ത യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് -അപാകതകൾ

പ്രോജക്റ്റ് :148/22

അടങ്കൽ : 230000 രൂപ (വികസനഫണ്ട്- ജനറൽ 99000 + തനത് ഫണ്ട് 131000)

ചെലവ് : 222300രൂപ (വൗച്ചർ22101098/25.3.22-25650 രൂപ, BRN നമ്പർ 21151252036101327346/14.3.22- 99000 രൂപ വൗച്ചർ 22101065/18.3.22-97650 രൂപ. ആകെ 2,22,300/- രൂപ )

2021-22 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രോജക്റ്റ് പ്രകാരം 26 രജിസ്റ്റേഡ് ക്ലബ്ബുകൾക്കായി ടെണ്ടർ നടപടികളിലൂടെ HEADCO കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.
പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1. സബ്സിഡി മാർഗ്ഗരേഖ പ്രകാരം രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് 5000/- രൂപയിൽ അധികരിക്കാതെയുള്ള സ്പോർട്സ് കിറ്റ് വാങ്ങി നൽകുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ ഓരോ ക്ലബ്ബിനും 8550 രൂപ വിലയുള്ള ഉപകരണങ്ങളാണ് വാങ്ങി നൽകിയത്. മാർഗ്ഗരേഖക്കു വിരുദ്ധമായി 92300 രൂപ അധികം ചെലവഴിച്ചിരിക്കുന്നു.

2. ജി.ഒ(എം.എസ്)22/2018/ത.സ്വ.ഭ.വ തി.14.02.2018 ഉത്തരവ് സബ്സിഡി മാർഗ്ഗരേഖയിലെ ഖ.7.6.13 പ്രകാരം പ്രൊജക്റ്റ് നിർവ്വഹണത്തിൽ പാലിക്കേണ്ട താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

എ. കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജനക്ലബ്ബുകളുടെ ഏകോപന സമിതി നിശ്ചയിക്കണം.

ബി. എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം. ( രജിസ്റ്റർ ചെയ്ത എത്ര ക്ലബ്ബുകൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട് എന്ന വിവരം ലഭ്യമല്ല)

സി. ഓരോ ക്ലബ്ബുകൾക്കും അവരുടെ ആവശ്യത്തിനും സാധ്യതക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണം. ( നവകേരള ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് , കോലിക്കര മാത്രമാണ് ലിസ്റ്റ് നൽകിയിരിക്കുന്നത്)
മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം ചെലവഴിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ അന്വേഷണക്കുറിപ്പിന് (8/15.12.22) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.
1. ക്ലബ്ബുകളുടെ ഏകോപനസമിതി നിർദ്ദേശിച്ച സാധനങ്ങൾ വാങ്ങുന്നതിന് തുക തികയാതെ വരുന്നു എന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിനാൽ തനത് ഫണ്ട് കൂട്ടിച്ചേർത്ത് പ്രൊജക്റ്റ് റിവൈസ് ചെയ്ത് നൽകുകയാണ് ചെയ്തത്. ക്ലബ്ബുകൾ ആവശ്യപ്പെട്ട സാധനങ്ങൾക്കുള്ള അധിക തുക തനത് ഫണ്ടിൽ നിന്നും നൽകുവാൻ ഭരണസമിതി തീരുമാനം ആവശ്യപ്പെട്ട് കത്തു നൽകുകയും അതനുസരിച്ച് നിർവ്വഹണം നടത്തുകയുമാണ് ചെയ്തത്.
2. യുവജന ക്ലബ്ബുകളുടെ ഏകോപനസമിതി വിളിച്ച ചേർത്താണ് ഇനങ്ങൾ ഉൾപ്പെടുത്തിയത്.
3. ഓൺലൈനായാണ് ലിസ്റ്റ് സമർപ്പിച്ചതും നടപടികൾ സ്വീകരിച്ചതും.
എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ സമർപ്പിച്ച മറുപടിക്ക് ആധാരമായി യാതൊരു രേഖകളും ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 92300 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-20 തുടർ സാക്ഷരതാ പരിപാടി- കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല

പ്രോജക്റ്റ് : 139/22 തുടർ സാക്ഷരതാ പരിപാടി
അടങ്കൽ : 200000 രൂപ (തനത് ഫണ്ട്)
ചെലവ് : 66900 രൂപ
2021-22 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രോജക്റ്റിൽ താഴെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | ചെലവ് | വൗച്ചർ നമ്പർ/ | ചെക്ക് നമ്പർ/ | റിമാർക്സ് |
|---|---|---|---|---|

| നമ്പർ | തുക | തിയ്യതി | തിയ്യതി | |
|---|---|---|---|---|
| 1 | 7500 രൂപ | 22101043/8.03.22 | 1594295/8.3.22 | 2500 രൂപ വീതം 3 പഠിതാക്കളുടെ +1 തുല്യതാ രജിസ്ട്രേഷൻ ഫീ ഇനത്തിൽ സാക്ഷരതാ മിഷനു നൽകുന്നതിനായി പിൻവലിച്ച തുക |
| 1 | 59400 | 22101043/8.03.22 | 1594295/8.3.22 | 2200 രൂപ വീതം 27 പഠിതാക്കളുടെ +2 തുല്യതാ രജിസ്ട്രേഷൻ ഫീ ഇനത്തിൽ സാക്ഷരതാ മിഷനു നൽകുന്നതിനായി പിൻവലിച്ചതുക |
| | 66900 | | | |

സാക്ഷരതാമിഷന് നൽകുന്നതിനായി പിൻവലിച്ച തുകകളുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിന് അന്വേഷണക്കുറിപ്പ് (2/12.12.22)നൽകിയതിന് കൈപ്പറ്റ് രശീതി ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കൈപ്പറ്റ് ഹാജരാക്കുന്നതു വരെ 66900 രൂപ തടസ്സം ചെയ്യുന്നു.

## 1-21 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

1.കുടുംബാരോഗ്യ കേന്ദ്രത്തിലേക്കു മരുന്നു വാങ്ങൽ

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 8 |
| പ്രോജെക്ടിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിലേക്കു മരുന്നു വാങ്ങൽ |
| അടങ്കൽ | 510781 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 510000/-<br>BRN No.21151252035900521525/13.10.2021 – 300000<br>BRN No.21151252035901392622/21.03.2022-210000 |
| നിർവഹണം | മെഡിക്കൽ ഓഫീസർ , എഫ്എച്ച്സി |

മേൽ പ്രൊജക്ട് പ്രകാരം എഫ്എച്ച്സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 510000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. 210000/- രൂപയുടെ മരുന്നുകൾ മാത്രമാണ് താഴെ കാണും പ്രകാരം ലഭ്യമായിട്ടുള്ളത്. 300000/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF 6972/16.03.2022 | 210000 | 4706/20.06.2022 | 7215 |

| | | | |
|---|---|---|---|
| | | 5864/08.07.2022 | 98281 |
| | | 4355/15.06.2022 | 22696 |
| | | 5866/08.07.2022 | 26416 |
| | | 8411/10.08.2022 | 26416 |
| | | 8409/10.08.2022 | 2358 |
| | | 10636/12.09.2022 | 12246 |
| | | 10457/05.09.2022 | 14372 |
| | | ആകെ | 210000/- |
| | | ബാക്കി | 0 |
| PRF 2591/08.10.2021 | 300000 | മരുന്ന് ലഭ്യമായിട്ടില്ല | |
| | | ബാക്കി | 300000 |

അവശേഷിക്കുന്ന 300000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

2.സാന്ത്വനം പാലിയേറ്റീവ് പരിചരണത്തിനു മരുന്നു വാങ്ങൽ

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 9 |
| പ്രോജെക്ടിന്റെ പേര് | പരിരക്ഷ പാലിയേറ്റീവ് കെയർ |
| അടങ്കൽ | 650000(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 240000/-<br>BRN No.21151252035900964254/17.01.2022-40000/-<br>BRN No.21151252035900964257/17.01.2022-200000/- |
| നിർവഹണം | മെഡിക്കൽ ഓഫീസർ , എഫ്എച്ച്സി |

മേൽ പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് പരിചരണത്തിനു മരുന്ന് വാങ്ങുന്നതിന് 2,40,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. 209170/- രൂപയുടെ മരുന്നുകൾ മാത്രമാണ് താഴെ കാണും പ്രകാരം ലഭ്യമായിട്ടുള്ളത്. 30830/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF 4696/10.01.2022 | 40000 | 4983/25.06.2022 | 3205 |
| | | 8963/22.08.2022 | 564 |
| | | 9599/27.08.2022 | 3102 |
| | | 11557/20.09.2022 | 10798 |
| | | 12575/30.09.2022 | 6696 |
| | | ആകെ | 24365 |
| | | ബാക്കി | 15635 |
| PRF4747/11.01.2022 | 200000 | 8432/11.08.2022 | 44644 |
| | | 8156/08.08.2022 | 5206 |
| | | 8726/20.08.2022 | 6663 |
| | | 9281/25.08.2022 | 10989 |
| | | 11141/16.09.2022 | 2699 |
| | | 10087/02.09.2022 | 87152 |

| | | | |
|---|---|---|---|
| | | 17421/17.11.2022 | 25758 |
| | | 18003/21.11.2022 | 1694 |
| | | ആകെ | 184805 |
| | | ബാക്കി | 15195 |
| ആകെ ലഭ്യമായ മരുന്ന് | | | 209170 |
| ബാക്കി | | | 30830 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/16.12.22) അവശേഷിക്കുന്ന മരുന്ന് ലഭ്യമാകുവാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കെഎംസിഎൽ ന് കത്ത് അയച്ചിട്ടുണ്ടെന്നും, മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 ന്യൂട്രിമിക്സ് വാങ്ങൽ - അപാകതകൾ

പ്രോജെക്ട് നമ്പർ 14
അനുപൂരക പോഷകാഹാര പദ്ധതി
ചെലവ്
വികസന ഫണ്ട് - 20,00,000 രൂപ
കേന്ദ്രാവിഷ്കൃത ഫണ്ട് – 15,00,000രൂപ
തനത് ഫണ്ട് - 97,7935 രൂപ
പ്രോജെക്ട് നമ്പർ -16
അനുപൂരക പോഷകാഹാര പദ്ധതി എസ് സി പി
വികസന ഫണ്ട് എസ് സി പി-5,00,000 രൂപ
മേൽ പ്രോജെക്ടുകൾ പ്രകാരം ന്യൂട്രിമിക്സിന്റെ വാങ്ങലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ന്യൂട്രിമിക്സ് വിതരണം ടിഡിഎസ് ഈടാക്കിയില്ല

2017 ലെ ചരക്ക് സേവനനികുതി നിയമം വകുപ്പ് 51 പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിനു മുകളിലോ ഉള്ള വാങ്ങലുകളിൽ 2% ജിഎസ് ടിയുടെ TDS (1%CGST+1%SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാരവിതരണ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജിഎസ് ടി ഉൾപ്പടെയുള്ള തുക സ്ഥാപനത്തിന് വിട്ടുനൽകിയിട്ടുണ്ടെങ്കിലും ടിഡിഎസ് ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ന്യൂട്രിമികിസ് വാങ്ങിയത്-ജനകീയം ന്യൂട്രിമിക്സ് കുടുംബശ്രീ ആലങ്കോട്)

| ഇൻവോയ്സ് നമ്പർ/ തിയതി | തുക |
|---|---|
| 176/26.10.20 | 2,36,059 |
| 4/13.6.21 | 3,01,733 |
| 2/25.4.21 | 1,37,640 |
| 186/22.2.21 | 1,60,579 |
| 10/25.7.21 | 3,09,504 |
| 14/19.8.21 | 2,00,909 |
| 18/15.9.21 | 1,67,312 |
| 20/10.10.21 | 1,59,283 |
| 21/9.11.21 | 1,52,069 |
| 24/16.12.21 | 1,74,565 |
| 26/5.1.22 | 1,74,269 |
| 28/3.2.22 | 2,00,723 |
| 30/3.3.22 | 2,00,760 |
| 21/12.7.21 | 5,99,952 |

| | |
|---|---|
| 60/2.9.21 | 2,00,909 |
| 124/30.10.21 | 3,26,595 |
| 194/23.12.21 | 79,239 |
| 57/17.8.21 | 3,09,504 |
| ആകെ | 40,91,604 |

2 ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത ജനകീയം ന്യൂട്രിമിക്സ് കുടുംബശ്രീ ആലംകോട് എന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 14/17.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

## 1-23 പോർട്ടബിൾ ബയോബിൻ യൂനിറ്റ്-സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

| വർഷം | 2021-22 |
|---|---|
| പ്രോജെക്ട് നമ്പർ | 182/21-22 |
| പ്രോജെക്ടിന്റെ പേര് | പോർട്ടബിൾ ബയോബിൻ യൂനിറ്റ് |
| അടങ്കൽ | 4,00,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>15,800- തനത് ഫണ്ട്<br>46,200- ഗുണഭോക്തൃവിഹിതം |
| ചെലവ് | ബിൽ നമ്പർ 492/26.3.22 4,00,000 രൂപ<br>ബിൽ നമ്പർ 493/26.3.22 14,700 രൂപ<br>ഗുണഭോക്തൃ വിഹിതം-46200 രൂപ<br>ചെക്ക് നമ്പർ. Xy1594606/26-3-2022 |
| നിർവഹണം | വി.ഇ ഒ |

റെയ്ഡ്കോ കേരള ലിമിറ്റഡ് കണ്ണൂരിൽ നിന്നും ഇൻവോയ്സ് നമ്പർ TIR/607/21-22 തി. 18.3.22 പ്രകാരം 4,60,900 രൂപ ചെലവഴിച്ച് 1870.54 രൂപ നിരക്കിൽ 220 ബയോബിന്നുകൾ വാങ്ങിയിട്ടുണ്ട്. മേൽ പ്രോജെക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബയോബിന്നുകൾ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 20/17.12.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രസ്തുത വിവരം അറിയാത്തതുകൊണ്ടാണ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാതിരുന്നതെന്നാണ് അറിയിച്ചത്. ബയോബിന്നുകൾ ശരിയായ രീതിയിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റിന് വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 4,60,900 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1- 24 പരപ്പിൽ താഴം തോടിന് സൈഡ് കെട്ടൽ -അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകിയ തുക നിരാകരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരപ്പിൽ താഴെ തോട് സംരക്ഷണം (246/22) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തോടിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത് എന്ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ 17.12.22 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ വ്യക്തമായി. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പരപ്പിൽ താഴെ റോഡ് സംരക്ഷണം ( 246/22)<br>ബിൽ<br>തുക -500000/- ചെലവ് 450687/- PFMS Transaction Id 0046EATPAYREQ 3103202265453<br>അളവ് പുസ്തകം 74/21-22<br>കരാറുകാരൻ ശ്രീ.<br>ശ്രീ റഫീക്ക് . KA<br>കരാർ 60/AE/ALKD /21-22/09.12.21<br>കോസ്റ്റ് ഇൻഡക്സ് 31.06% | എർത്ത് വർക് എക്സ്കവേഷൻ<br>56.379 Cum | 12883.72<br>@228.52/ | 12296.26<br>@218.1/m3 | 587.46 |
| | *സിമെന്റ് കോൺക്രീറ്റ്<br>12.528 Cum | (11.4.11)<br>87376.91<br>@6974.53/cum | (4.1.6 DSR Vol 1)<br>79051.68<br>@6310/m3 | 8325.23 |
| | സിമന്റ് കോൺക്രീറ്റ്<br>6.264 Cum | 49122.78<br>@7842.08 | 45004.58<br>@7184.64/m3 | 4118.2/- |
| | സെന്ററിങ്<br>35.807m2 | - | 9101.78<br>@254.19/$m^3$ | -9101.78 |
| | *TMT Bar<br>For Re-inforcement<br>0.191/Tonne | 200kg<br>@67.9/kg<br>13580/- | 200 X 74.19<br>14838/- | -1258 |
| | ഡ്രൈറബ്ൾ മേസനറി<br>121.647 Cum | 318772.31<br>@2620.47 | 305994.5<br>@2515.43/ | 12777.8 |
| | *സിമെന്റ് ചാന്ത് ഉപയോഗിച്ച് പോയിന്റിംഗ് വർക്ക്<br>184.21 Sqm | 42670.4<br>@231.64/m2 | 40710.4<br>@221/m2 | 1959.9 |
| എസ്റ്റിമേറ്റിലേക്ക് പരിമിതപ്പെടുത്തിയ തുക | | 524406.25 | 506997.2 | 17409 |
| 12% GST തുക | | 62928.75 | 60839.66 | 2089/- |
| ആകെ തുക | | 587335.00 | 567836.86 | 19498/- |

ഇത് സംബന്ധിച്ച് നൽകിയ 23 / 19.12.2022-നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 20.12.2022 ന് സമർപ്പിച്ച മറുപടിയിൽ, ഈ പ്രവൃത്തിയിൽ രണ്ട് സൈഡ് കെട്ടി മുകളിൽ സ്ലാബ് നൽകി പാടഭാഗത്തേക്കും മറ്റുമുള്ള വീടുകളിലേക്കും മറ്റും വഴിയില്ലാത്തതിനാൽ റോഡ് / നടപ്പാത നൽകുവാനുള്ള ഉദ്ദേശത്തോടെയാണ് ടി പ്രവൃത്തിക്ക് MORD പ്രകാരമുള്ള നിരക്ക് നൽകിയത് എന്നാണ്. എന്നാൽ ഇത്തരത്തിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ ബഹുമുഖ പ്രൊജക്ടിന് രൂപം നൽകുകയോ ചെയ്തിട്ടില്ല. മാത്രമല്ല ടി പ്രവൃത്തി ചെയ്യുന്നതിന് ഈ വർഷം പ്രൊജക്ടിന് രൂപം നൽകിയിട്ടില്ല. പിന്നീട് പ്രൊജക്ടിന് രൂപം നൽകുമെന്ന മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല.

ആയതിനാൽ ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 19498 രൂപ പ്രവൃത്തി നിർവഹിച്ച കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പൊതു ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-25 പന്താവൂർ- വയറേപ്പാടം റോഡ് അഭിവൃദ്ധിപ്പെടുത്തൽ- പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല

2021-2022 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പൂർത്തിയാക്കിയ താഴെ പറയുന്ന പ്രൊജക്റ്റ്, പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടില്ലാത്തതും നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ലാത്തതുമാണ്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും: | 242/2022-പന്താവൂർ- വയറേപ്പാടം റോഡ് അഭിവൃദ്ധിപ്പെടുത്തൽ (2020-21 ലെ 120/21 നമ്പർ പ്രൊജക്റ്റ്) |
| അടങ്കൽ: ഫണ്ടിനം : | 300000/- തനത് ഫണ്ട് |
| ചെലവ്: ബിൽ നം.തീയ്യതി. | 267657/- (വൗച്ചർ 22101095/25.03.22, ചെക്ക് നം. XY1594603തീയ്യതി25.03.22) |
| കരാർ നം. തീയ്യതി | 41/AE/LSGD/ ALKD/2020-21 തീയ്യതി. 12.10.2020 |
| (PAC): | 267681 രൂപ |
| കരാറുകാരൻ | ശ്രീ. കെ. ബാലകൃഷ്ണൻ |
| സൈറ്റ് കൈമാറിയ തീയ്യതി | 12.10.2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:<br>സർക്കാർ അനുവദിച്ച കോവിഡ് കാല ഇളവായ 6മാസം കൂടി അനുവദിക്കുമ്പോൾ പൂർത്തീകരിക്കേണ്ട തീയ്യതി | തീയ്യതി- 11.05.2021<br>TS നമ്പർ 66195/2020-21 10.09.2020പ്രകാരം പൂർത്തീകരിക്കേണ്ട കാലയളവ് -6 മാസം<br>11.10.2021 |
| പൂർത്തീകരിച്ച തീയ്യതി: | 15.03.2022<br>( MB. No. 40/21-22 Page No. 12) |
| അളവു പുസ്തകം: | MB. No. 40/21-22 |
| ആകെ പ്രവൃത്തി മൂല്യം | 267657/- |
| ഈടാക്കേണ്ട പിഴ:<br>മുതൽ12.10.2021 മുതൽ 11.01.2022 വരെ ( 3 മാസം -PACയുടെ 1%)<br>12.01.2022 മുതൽ 15.03.2022 വരെ ( 62 ദിവസം -PACയുടെ 2%) ( 267681*2/100*62 /90=3687) | 2677 രൂപ<br>3688 രൂപ |
| ആകെ ഈടാക്കേണ്ടത്: രൂ. | 6365 രൂപ |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 6365 രൂപ |

പ്രസ്തുത പ്രവൃത്തി പൂർത്തീകരണ കാലാവധി കഴിഞ്ഞ ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായും മേൽ പറഞ്ഞ വിധം നിയമാനുസൃതമായി പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടിയിൽ വിശദീകരണം ലഭ്യമാക്കുകയോ പിഴത്തുക ഈടാക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് ( 01/12.12.2022) ലഭിച്ച മറുപടിയിൽ, ടി റോഡ് ഒരു പാടത്തേക്ക് പോകുന്നതാണെന്നും ട്രാക്ടർ പോകാൻ സാധിക്കുന്ന രീതിയിൽ നിലവിലുള്ള വഴി വീതി കൂട്ടുന്നതിന് കുറേക്കൂടി വസ്തു വിട്ടു കിട്ടാൻ കാലതാമസം നേരിട്ടതുകൊണ്ടാണ് പ്രവൃത്തി പൂർത്തീകരണം വൈകിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് പ്രവൃത്തി പ്രദേശം സന്ദർശിക്കുകയും പ്രൊജക്ട് നടപ്പാക്കാനാവശ്യമായ സ്ഥല ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യേണ്ടതുണ്ട്. മാത്രമല്ല, ഇക്കാര്യം തത്സമയം കരാറുകാരൻ രേഖാമൂലം നിർവ്വഹണോദ്യോഗസ്ഥനെ അറിയിക്കുകയോ നിയമാനുസൃതം നിർവ്വഹണോദ്യോഗസ്ഥനും പഞ്ചായത്ത് സമിതിയും ഇക്കാര്യം പരിശോധിച്ച് തുടർ നപടികൾ സ്വീകരിക്കുകയോ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃതമല്ലാത്ത രീതിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയോടൊപ്പം മാത്രമാണ് പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാനുള്ള കരാറുകാരന്റെ അപേക്ഷയും ബന്ധപ്പെട്ട ജനപ്രതിനിധിയുടെ ശിപാർശയും സമർപ്പിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ മേൽ പിഴത്തുക 6365 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- രേഖകൾ ഹാജരാക്കിയില്ല- 50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിനുവേണ്ടി ധനസഹായമനുവദിക്കപ്പെട്ട ശ്രീഷ, D/O ശ്രീജ, അധികാരി വീട്ടിൽ വീട് ആലംകോട് എന്ന ഗുണഭോക്താവിന് വേണ്ടി ടിയാളുടെ മാതാവ് ശ്രീജ.AP എന്നയാളുടെ പേരിലുള്ള 67258531054 നമ്പർ അക്കൗണ്ടിലേക്ക് 50000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ശ്രീജ.AP മൂല്യ നിർണയ സാക്ഷ്യപത്രം ഹാജരാക്കുകയോ രണ്ടാം ഗഡു കൈപ്പറ്റുകയോ നിർമാണം പൂർത്തീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.

പ്രൊജക്ട് വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | 144/2022- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- |
| നിർവഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 625000/- SCP |
| ചെലവ് | 550000/-<br>(1) ബിൽ നം. 09/08.02.2022- തുക-200000/-<br>(2) ബിൽ നം. 12/14.02.2022 തുക- 50000/-<br>(3) ബിൽ.നം. 19/26.03.2022- തുക- 300000/- |
| ധനസഹായം അനുവദിക്കപ്പെട്ട ആകെ ഗുണഭോക്താക്കളുടെ എണ്ണം | 05 |

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ 09/15.12.2022 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി (നമ്പറും തീയ്യതിയും ഇല്ല)യിൽ ടി ഗുണഭോക്താവിന്റെ പഠനമുറിയുടെ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാമെന്നും മുൻകൂർ നൽകിയ തുകക്കുള്ള മൂല്യ നിർണയ സാക്ഷ്യ പത്രം ഹാജരാക്കുന്ന മുറയ്ക്ക് അടുത്ത ഗഡു നൽകുന്നതാണെന്നും പ്രവൃത്തി പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം അനുവദിക്കപ്പെട്ട മുഴുവൻ ധനസഹായവും ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അനുവദിക്കപ്പെടുന്ന തുകക്കുള്ള മൂല്യ നിർണയ സാക്ഷ്യപത്രങ്ങൾ ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിച്ച മുഴുവൻ രേഖകളും ഹാജരാക്കുന്നത് വരെ നിലവിൽ നൽകിയ 50000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 പൊതുമരാമത്ത് പ്രവൃത്തികൾ - അപാകതകൾ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 104 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 84 പ്രൊജക്ടുകളിലായി ആകെ 15979493

രൂപയാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 104 | ആകെ അടങ്കൽ | 25076389 |
| നടപ്പിലാക്കിയത് | 84 | ചെലവ് | 15979493 |
| ശതമാനം | 88 | ചെലവ് ശതമാനം | 47.5 |

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല .

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

111)രജിസ്റ്ററുകളുടെ പരിപാലനം

1. കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

3. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

4. പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

5. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

7. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ (Acknowledgement) യിൽ തിയതി, കരാറുകാരന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

8. മിക്ക പ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

9. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

10. വർക്ക് ഓർഡർ ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

മേൽ അപാകതകൾ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രത്യേകം സൂചിപ്പിച്ചിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 ഇ-ടെണ്ടർ ഫീ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല

2021-22 വർഷത്തിൽ പഞ്ചായത്തിൽ ഏതാനും പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് .

GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 24/20.12.2022) നൽകിയ മറുപടിയിൽ, SBI യിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ലെന്നും തുക നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടില്ലെന്നും തുക പഞ്ചായത്തിൽ അടവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ നാളിതുവരെ ലഭിക്കാനുള്ള തുക എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ

അക്കൗണ്ടിൽനിന്നും ലഭ്യമാക്കി മേൽ പറഞ്ഞപ്രകാരം നടപടി സ്വീകരിച്ച് പഞ്ചായത്ത് തനത് ഫണ്ടിലൊടുക്കേണ്ടതാണ്.

### 1-29 ആശ്രയ പദ്ധതി - പിൻ വലിച്ച തുക ചെലവഴിച്ചിട്ടില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ ആലംകോട് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ആശ്രയ പദ്ധതിക്കുവേണ്ടി വികസന ഫണ്ടിൽ നിന്നും 300000 രൂപ പിൻവലിച്ചിട്ടുണ്ട് ( ബിൽ നമ്പർ 16/25.03.2022). ഈ തുകയുടെ ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 11/15.12.2022) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ, ടി തുക CDS ന്റെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നും ആശ്രയ പദ്ധതി പ്രകാരം ചെലവഴിക്കേണ്ട മാർഗ്ഗ നിർദേശങ്ങൾ ആയിട്ടില്ലാത്തതിനാൽ ആയത് ചെലവഴിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. പദ്ധതി ഫണ്ട് മുൻകൂർ പിൻവലിക്കുന്നതും ചെലവഴിക്കാതെ സൂക്ഷിക്കുന്നതും ക്രമ വിരുദ്ധമായതിനാൽ ഈയിനത്തിൽ പിൻവലിച്ച 3,00,000/- രൂപ ഉടൻ വികസനഫണ്ടിൽ തിരികെ ഒടുക്കിയ വിവരം തെളിവ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പരപ്പിൽ താഴെ തോട് സംരക്ഷണം - ഓവർഹെഡ് ചാർജിനത്തിൽ അധികം നൽകിയ തുക നിരാകരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരപ്പിൽ താഴെ തോട് സംരക്ഷണം ( 246/22) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തോടിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത് എന്ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ 17.12.22 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ വ്യക്തമായി. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പരപ്പിൽ താഴെ റോഡ് സംരക്ഷണം ( 246/22) ബിൽ തുക -500000/- ചെലവ് 450687/- PFMS Transaction Id 0046EATPAYREQ 3103202265453 | എർത്ത് വർക് എക്സ്കവേഷൻ 56.379 Cum | 12883.72 @228.52/ | 12296.26 @218.1/m3 | 587.46 |
| | *സിമെന്റ് കോൺക്രീറ്റ് 12.528 Cum | (11.4.11) 87376.91 @6974.53/cum | (4.1.6 DSR Vol.1) 79051.68 @6310/m3 | 8325.23 |
| | സിമന്റ് കോൺക്രീറ്റ് 6.264 Cum | 49122.78 @7842.08 | 45004.58 @7184.64/m3 | 4118.2/- |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 74/21-22 കരാറുകാരൻ ശ്രീ. ശ്രീ റഫീക്ക് . KA കരാർ 60/AE/ALKD /21-22/09.12.21 കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| | സെൻ്ററിങ് 35.807m2 | - | 9101.78 @254.19/$m^3$ | -9101.78 |
| | *TMT Bar For Re-inforcement 0.191/Tonne | 200kg @67.9/kg 13580/- | 200 X 74.19 14838/- | -1258 |
| | ഡ്രൈറബ്ൾ മേസനറി 121.647 Cum | 318772.31 @2620.47 | 305994.5 @2515.43/ | 12777.8 |
| | *സിമെൻ്റ് ചാന്ത് ഉപയോഗിച്ച് പോയിൻ്റിംഗ് വർക്ക് 184.21 Sqm | 42670.4 @231.64/m2 | 40710.4 @221/m2 | 1959.9 |
| എസ്റ്റിമേറ്റിലേക്ക് പരിമിതപ്പെടുത്തിയ തുക | | 524406.25 | 506997.2 | 17409 |
| 12% GST തുക | | 62928.75 | 60839.66 | 2089/- |
| ആകെ തുക | | 587335.00 | 567836.86 | 19498/- |

ഇത് സംബന്ധിച്ച് നൽകിയ 23 / 19.12.2022-നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 20.12.2022 ന് സമർപ്പിച്ച മറുപടിയിൽ, ഈ പ്രവൃത്തിയിൽ രണ്ട് സൈഡ് കെട്ടി മുകളിൽ സ്ലാബ് നൽകി പാടഭാഗത്തേക്കും മറ്റുമുള്ള വീടുകളിലേക്കും മറ്റും വഴിയില്ലാത്തതിനാൽ റോഡ് / നടപ്പാത നൽകുവാനുള്ള ഉദ്ദേശത്തോടെയാണ് ടി പ്രവൃത്തിക്ക് MORD പ്രകാരമുള്ള നിരക്ക് നൽകിയത് എന്നാണ്.

എന്നാൽ ഇത്തരത്തിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ ബഹുമുഖ പ്രൊജക്ടിന് രൂപം നൽകുകയോ ചെയ്തിട്ടില്ല. മാത്രമല്ല ടി പ്രവൃത്തി ചെയ്യുന്നതിന് ഈ വർഷം പ്രൊജക്ടിന് രൂപം നൽകിയിട്ടില്ല. പിന്നീട് പ്രൊജക്ടിന് രൂപം നൽകുമെന്ന മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല.

ആയതിനാൽ ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 19498 രൂപ പ്രവൃത്തി നിർവ്വഹിച്ച കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റൻ്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പൊതു ഫണ്ടിലൊടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിൻ്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിൻ്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1480785 | പ്രൊ.നം-04/22 നെൽകൃഷി വികസന | 1480785 | 0 |

| | | | | |
|---|---|---|---|---|
| | | പദ്ധതി | | |
| | 300000 | പ്രൊ.നം-17/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ആകെ | 1780785 | | 1780785 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 650000 | പ്രൊ.നം-04/22 നെൽകൃഷി വികസന പദ്ധതി | 650000 | 0 |
| | 500000 | 13/22- പി എം എ വൈ പദ്ധതി എസ് സി | 500000 | 0 |
| | 300000 | പ്രൊ.നം-17/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 200000 | പ്രൊ.നം-257/22 2-ാം നമ്പർ അംഗനവാടി നിർമ്മാണം- തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് | 200000 | 0 |
| ആകെ | 1650000 | | 1650000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ, ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| സ്റ്റേറ്റ് മിഷൻ | 2 നമ്പർ അംഗനവാടി നിർമ്മാണത്തിന് തുക ഡെപ്പോസിറ്റ് ചെയ്യുന്നത്,257/21-22 | 353/3.3.22 | 4,00,000 | ० | പൂർത്തീകരിച്ചിട്ടില്ല | 4,00,000 |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ,39/22 | 38/26.07.2021,700000/-XVFC/2021-22 /P/5-17.02.2022-325772/-XVFC/2021-22 /P/4-17.02.2022-33724/-XVFC/2021-22 /P/17-24.03.2022-356504/- | 1460000 | 1460000 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | തൻവർഷം ലഭിച്ച തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | 320000 | 8925238 | 1225043 | | 8020195 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14600 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 14600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 14600 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, | 1000 | 3/27.07.1977 |
| ദി പൊന്നാനി മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 13600 | 19/31.03.1970 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2020-21 | ഓഡിറ്റ് എൻക്വയറി 2020-21 11/20-21 /18.02.2022 | 1103 | ശ്രീ അജീഷ് നാരായണൻ,അസി.എഞ്ചിനീയർ | 12114010620 0/19.02.22 |
| 2020-21 | ഓഡിറ്റ് എൻക്വയറി 2020-21 4/20-21 /11.02.2022 | 41739 | ശ്രീ അജീഷ് നാരായണൻ,അസി.എഞ്ചിനീയർ | 121140106203/19.02.22 |
| 2020-21 | ഓഡിറ്റ് എൻക്വയറി 2020-21 6/20-21 /15.02.2022 | 4820 | ശ്രീ അജീഷ് നാരായണൻ,അസി.എഞ്ചിനീയർ | 121140106287/21.02.22 |
| 2020-21 | ഓഡിറ്റ് എൻക്വയറി | 16967 | ശ്രീ അജീഷ് നാരായണൻ,അസി.എഞ്ചിനീയർ | 121140106290/21.02.22 |

| | | | | |
|---|---|---|---|---|
| | 2020-21<br>15/20-21<br>/18.02.2022 | | | |
| 2020-21 | ഓഡിറ്റ് എൻക്വയറി 2020-21<br>23/20-21<br>/21.02.2022 | 21656 | ശ്രീ അജീഷ് നാരായണൻ,അസി.എഞ്ചിനീയർ | 12114010634З/23.02.22 |
| 2020-21 | ഓഡിറ്റ് എൻക്വയറി 2020-21<br>21/20-21<br>/21.02.2022 | 4659 | ശ്രീ അജീഷ് നാരായണൻ,അസി.എഞ്ചിനീയർ | 121140106358/23.02.22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2003-04 | പൊതു പരാമർശം | ട്രാക്ടർ വാങ്ങിയതിലെ അപാകത | നടപടി തുടരുന്നു. |
| - | | 2013-14 | ലഭ്യമല്ല | ലഘു അവലോകനം (പെർഫോമൻസ് ഗ്രാന്റ്) | നടപടി തുടരുന്നു. |
| 2017-18 | 3(1) | 2018-19 | ലഭ്യമല്ല | വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റ പണി | നടപടി തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1998 -99 | 40, 46, 47 | പി. സുബ്രഹ്മണ്യൻ സെക്രട്ടറി പഞ്ചായത്ത് വകുപ്പ് | LF 22378/ Spl.cell/ SC5/04 17.5.06 | 1,77,855 | | | 1,77,855 | | | | ഒപി-245/06 ഡി.സി. മഞ്ചേരി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 115279351 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101778167 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19498 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1302080 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 19498 | ശ്രീമതി.സൂസൻ എബ്രഹാം , അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 6,31,980 | ശ്രീ. അനൂപ് സി എൻ, സെക്രട്ടറി |
| 1-19 | 92300 | ശ്രീ. സുരേഷ് കെ , ഹെഡ്മാസ്റ്റർ |
| 1-20 | 66900 | ശ്രീ. സുരേഷ് കെ , ഹെഡ്മാസ്റ്റർ |
| 1-23 | 4,60,900 | ശ്രീ. സജി കെ , വി ഇ ഒ |
| 1-26 | 50000 | ശ്രീ. സുരേഷ് കുമാർ വി വി , അസി. സെക്രട്ടറി |
| ആകെ | 1302080 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീമതി.സൂസൻ എബ്രഹാം , അസി.എഞ്ചിനീയർ | ആലക്കോട് ഗ്രാമപഞ്ചായത്ത് | തെക്കേല്ലത്ത്, സൺഷൈൻ അട്ടൂർ- 671926 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1998-99 | കെഎസ്എ.എംപി.എം.17/1810/14 തിയ്യതി-16.02.2015 | 10 |
| 1999-20 | കെഎസ്എ.എംപി.എം.17/1810/14 തിയ്യതി-16.02.2015 | 9 |
| 2001-02 | എൽ.എഫ്.എം.8/1774/07 തിയ്യതി-23.01.2009 | 10 |
| 2002-03 | എൽ.എഫ്.എം.8/1775/07 തിയ്യതി-23.01.2009 | 11 |
| 2003-04 | എൽ.എഫ്.എം.8/1776/07 തിയ്യതി-23.01.2009 | 05 |
| 2004-05 | കെഎസ്എ.എംപി.എം.5/197/22(1) തിയ്യതി-21.10.2022 | 09 |
| 2005-06 | എൽ.എഫ്.എം.8/1778 തിയ്യതി-23.01.2009 | 13 |
| 2006-07 | കെഎസ്എ.എംപി.എം.28/1835/19 തിയ്യതി-03.09.2019 | 10 |
| 2007-08 | കെഎസ്എ.എംപി.എം.5/197/22(2) തിയ്യതി-21.10.2022 | 08 |
| 2008-09 | കെഎസ്എ.എംപി.എം.5/197/22(3) തിയ്യതി-21.10.2022 | 09 |
| 2009-10, 2010-11 | കെഎസ്എ.എംപി.എം.5/197/22(4) തിയ്യതി-21.10.2022 | 16 |
| 2011-12, 2012-13 | കെഎസ്എ.എംപി.എം.17/440/15 തിയ്യതി-28.11.2015 | 30 |
| 2013-14, 2014-15 | കെഎസ്എ.എംപി.എം.28/1406/16 തിയ്യതി-09.05.2017 | 19 |
| 2015-16 | കെഎസ്എ.എംപി.എം.28/3275/16 തിയ്യതി-08.02.2018 | 22 |
| 2016-17 | കെഎസ്എ.എംപി.എം.28/1426/17 തിയ്യതി-08.05.2018 | 12 |
| 2017-18 | കെഎസ്എ.എംപി.എം.28/1865/19 തിയ്യതി-17.09.2019 | 16 |
| 2018-19 | കെഎസ്എ.എംപി.എം.28/2821/20 തിയ്യതി-06.02.2021 | 12 |
| 2019-20 | കെഎസ്എ.എംപി.എം.5/656/22 തിയ്യതി-06.08.2022 | 22 |
| 2020-21 | കെഎസ്എ.എംപി.എം.5/657/22/9.5.22 തിയ്യതി-09.05.2022 | 28 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്